# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 605

29.11.2018 ൽ മറുപടിക്ക്

## കളപ്പാറയിലെ അനധികൃത പാറഖനനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ | | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിലെ കാട്ടായിക്കോണത്ത് കളപ്പാറയിൽ അനധികൃത പാറഖനനം തടയണമെന്ന് കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉത്തരവുണ്ടായത്; | (എ) | അയിരൂപ്പാറ മേലേവിള ഭാഗങ്ങളിലെ അനധികൃത ഖനനവുമായി ബന്ധപ്പെട്ട് ശ്രീമതി ലത, മേലേവിള വീട്, കാട്ടായിക്കോണം, ശ്രീമതി ശോഭന, വിഷ്ണുവിലാസം, മേലേവിള, കാട്ടായിക്കോണം എന്നിവർ ബഹു.ഹൈക്കോടതിയിൽ ജില്ലാ കലക്ടർ, ജിയോളജിസ്റ്റ്, പോത്തൻകോട് പഞ്ചായത്ത് സെക്രട്ടറി, പോല്യൂഷൻ കൺട്രോൾ ബോർഡ് എഞ്ചിനീയർ, തിരുവനന്തപുരം തഹസ്സീൽദാർ, പോത്തൻകോട് വില്ലേജ് ഓഫീസർ, പോലീസ് ഇൻസ്പെക്ടർ പോത്തൻ കോട് എന്നിവരെ യഥാക്രമം ഒന്നു മുതൽ ഏഴുവരെ എതിർകക്ഷികളാക്കി WP(C) No.17675/2018 (H) ഫയൽ ചെയ്യുകയും ആയതിൽ 30.07.2018 തീയതിയിൽ ബഹു. ഹൈക്കോടതി ടി സ്ഥലത്തെ അനധികൃത ഖനനം തടഞ്ഞുകൊണ്ടു ഉത്തരവാകുകയും ചെയ്തു. |
| (ബി) പ്രസ്തുത ഉത്തരവ് വന്നിട്ടും ഈ സ്ഥലത്ത് ഖനനം തുടരുന്നത് ഏത് സാഹചര്യത്തിലാണ് എന്നറിയിക്കാമോ; | (ബി) | ബഹു. കേരള ഹൈക്കോടതിയുടെ 30.07.2018 തീയതിയിലെ വിധിന്യായം പാലിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റ്, കേരള മിനറൽ സ്ക്വാഡ് (ദക്ഷിണ മേഖല) ജിയോളജിസ്റ്റ് എന്നിവർ 04.10.2018, 16.10.2018, 26.10.2018 എന്നീ തീയതികളിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. ഈ സമയത്തൊന്നും പ്രസ്തുത ക്വാറിയിൽ അനധികൃത ഖനനമോ, അനധികൃത ധാതു കടത്തോ കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ ഉദ്യോഗസ്ഥരുടെ അസാന്നിദ്ധ്യത്തിലും രാത്രികാലങ്ങളിലും അനധികൃത ഖനനം നടക്കുന്നതായി മനസ്സിലാക്കുന്നു. തലേ ദിവസം രാത്രിയിൽ ഖനനം നടത്തി അതിരാവിലെ |

| | | | |
|---|---|---|---|
| | | | വാഹനങ്ങളിൽ കടത്തുന്ന രീതിയാണ് ഇവിടെ അവലംബിച്ചു വരുന്നതെന്ന് അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഈ സ്ഥലത്തു നടക്കുന്ന അനധികൃത ഖനനം തടയുന്നതിനായി പരിശോധകർ എത്തുന്നത് മുൻകൂട്ടി അറിയുന്നതിനായി പ്രത്യേക നിരീക്ഷകരെ ക്വാറിയുടെ നാലഞ്ചു കിലോമീറ്റർ ചുറ്റളവിൽ നിർത്തിയാണ് ഈ സ്ഥലത്ത് അനധികൃത ഖനനം നടത്തുന്നതെന്ന് മനസ്സിലാകുന്നു. പരാതിക്കാസ്പദമായ സ്ഥലത്ത് സ്ഫോടക വസ്തുക്കൾ പ്രയോഗിക്കുന്നതിന് ആർക്കും ലൈസൻസ് അനുവദിച്ചിട്ടില്ല. എന്നാൽ ഉയർന്ന തോതിലുള്ള സ്ഫോടക വസ്തുക്കൾ യഥേഷ്ടം ഉപയോഗിച്ച് ഉഗ്രസ്ഫോടനങ്ങളാണ് ഇവിടെ നടത്തുന്നതെന്ന് കേസിൽ കക്ഷികളായവർ പറഞ്ഞിട്ടുണ്ട്. അനധികൃത പാറഖനനം തടയുന്നതിന് പോത്തൻകോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിക്കുകയും പോലീസ് അധികാരികൾക്കും റവന്യൂ അധികാരികൾക്കും അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ പോലീസ് അധികാരികളുടെ സഹായത്തോടെ കാട്ടായിക്കോണം ഭാഗത്ത് അനധികൃത പാറഖനനം നിരോധിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രദേശത്തെ അനധികൃത പാറഖനനം സംബന്ധിച്ച് പോത്തൻകോട് പോലീസ് സ്റ്റേഷനിൽ 1015/18, 1218/18, 1229/18, 1552/18, 1561/18 എന്നീ നമ്പരുകളിലായി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | കോടതി ഉത്തരവ് ലംഘിച്ച് അനധികൃത ഖനനം നടത്തുന്നതിന് ഇടയായ സാഹചര്യം പരിശോധിക്കുമോ; കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ യെന്ന് വെളിപ്പെടുത്താമോ? | (സി) | അനധികൃത ഖനനം തടയുന്നതിനായി ബന്ധപ്പെട്ട മൈനിംഗ് & ജിയോളജി വകുപ്പുദ്യോഗസ്ഥർ, പഞ്ചായത്ത് അധികാരികൾ, പോലീസ് എന്നിവർ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ശക്തമായ പോലീസ് പട്രോളിംഗ്, രഹസ്യാന്വേഷണങ്ങൾ, നിരീക്ഷണങ്ങൾ എന്നിവ നടത്തി ഇത്തരം പ്രവർത്തനങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ ഉദ്യോഗസ്ഥർ കുറ്റക്കാരായി ഇതുവരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. |

**സെക്ഷൻ ഓഫീസർ**